**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3633** **02-03-2023 - ൽ മറുപടിയ്ക്ക്**

**ഇരുചക്ര വാഹനാപകട നിരക്ക് കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇരുചക്ര വാഹനാപകട നിരക്ക് വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. ഇരുചക്ര വാഹനങ്ങളുടെ അപകട നിരക്ക് കഴിഞ്ഞ 10 വർഷക്കാലയളവ് പരിഗണിക്കുകയാണെങ്കിൽ, 2013ൽ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ട അപകടം മൊത്തം അപകടങ്ങളുടെ 50% മാത്രമായിരുന്നത് 2021 ആയപ്പോഴേക്കും 61% ആയി വർദ്ധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് ഇരുചക്ര വാഹനാപകട നിരക്ക് ദേശീയ ശരാശരിയെക്കാൾ കൂടുതലാണ് എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. ഇരുചക്ര വാഹനങ്ങളുടെ അപകട നിരക്ക് ദേശീയ ശരാശരി പരിഗണിക്കുകയാണെങ്കിൽ, 2021 ലെ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ ആക്സിഡന്റ് റിപ്പോർട്ട് പ്രകാരം 45% ആണെന്നിരിക്കേ, കേരളത്തിൽ ആക്കാലയളവിലെ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ട അപകട നിരക്ക് 61% ആണ്. |
| (സി) | ഓരോ വർഷവും സംസ്ഥാനത്ത് ഇരുചക്ര വാഹന അപകട നിരക്കും അതുവഴി ഉണ്ടാകുന്ന മരണ നിരക്കും ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. കഴിഞ്ഞ അഞ്ചു വർഷത്തെ ഇരുചക്ര വാഹന അപകട നിരക്ക് പരിശോധിക്കുകയാണെങ്കിൽ, 2018ൽ ഇരുചക്രവാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ മൊത്തം അപകടങ്ങളുടെ 61% ആയിരുന്നത് 2022 ആയപ്പോഴും 61% ആയി തന്നെ തുടരുന്നുണ്ട്. എന്നാൽ ഇരുചക്രവാഹന യാത്രക്കാരുടെ അപകട നിരക്ക് എസ്. സി. ആർ. ബി യുടെ കണക്കുപ്രകാരം 2018ൽ മൊത്തം റോഡ് അപകടത്തിൽപ്പെട്ടവരുടെ 54% ആയിരുന്നത്, 2022 ആയപ്പോഴേക്കും 39% ആയി കുറഞ്ഞിട്ടുണ്ട്. സുരക്ഷാ കവചമായ ഹെൽമെറ്റിന്റെ ഉപയോഗം, അപകടാനന്തര ചികിത്സയിലെ മികവ് തുടങ്ങിയ ഘടകങ്ങൾ അപകട മരണ നിരക്ക് കുറയ്ക്കുന്നതിന് സഹായിച്ചിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇരുചക്ര വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനും അപകട നിരക്ക് | (ഡി) | ഇരുചക്രവാഹനങ്ങൾ ഉപയോഗിക്കുന്ന റൈഡർമാർ/ പില്യൺ റൈഡർമാർ എന്നിവർക്ക് |

| | | | |
|---|---|---|---|
| | കുറയ്ക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | | ഹെൽമറ്റ് ചെക്കിങ്ങിനു മുൻഗണന നൽകാൻ റോഡ് സുരക്ഷാ കമ്മീഷണർ ജില്ലാ പോലീസ് മേധാവികൾ, പോലീസ് സൂപ്രണ്ട്, ആർ.ടി.ഒ (എൻഫോഴ്സ്മെന്റ്) എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ